LIBRARY ARCHIVES Kerala Legislative Assembly

പുനലൂർ-മൂവാറ്റുപുഴ റോഡിന്റെ അറ്റകുറ്റപ്പണികൾ നടത്താൻ നടപടി

43 [1453] ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ-മൂവാറ്റുപുഴ റോഡിൽ ചില പ്രത്യേക സ്ഥലങ്ങളിൽ മാത്രം വലിയ കുഴികൾ രൂപപ്പെട്ടിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ;

(ബി) ഇങ്ങനെ ചില പ്രത്യേക സ്ഥലങ്ങളിൽ മാത്രം കുഴികൾ രൂപപ്പെടുന്നതിനുള്ള കാരണം അന്വേഷിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇപ്പോൾ രൂപപ്പെട്ടിട്ടുള്ള കുഴികൾ അറ്റകുറ്റപ്പണി നടത്താനുള്ള അടിയന്തിര നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കാലവർഷംമൂലം കുന്നിൻചരുവിൽ നിന്നും താഴ്ന്ന ഭാഗത്തുള്ള റോഡിലേക്ക് ശക്തമായ നീരൊഴുക്കുമൂലം മണ്ണ് വന്ന് കാനകൾ അടയുന്നതു കൊണ്ടാണ് കുഴികൾ രൂപപ്പെട്ടിട്ടുള്ളത്.

(സി) ഇതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

കാലവർഷത്തിൽ റോഡുകൾക്കുണ്ടായ നാശനഷ്ടങ്ങളും കേടുപാടുകളും

44 [1454] ശ്രീ. എ. സി. മൊയ്തീൻ:

" പി. ജയരാജൻ:

" കെ. കെ. ജയചന്ദ്രൻ:

" വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടുത്തകാലത്തുണ്ടായ കാലവർഷത്തിൽ റോഡുകൾക്ക് ഉണ്ടായ നാശനഷ്ടങ്ങളും കേടുപാടുകളും സംബന്ധിച്ച് വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ഇവ നന്നാക്കുന്നതിന് ആവശ്യ നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ടാറിംഗ് നടത്തിയ ഒരു റോഡിന്റെ ആയുസ് എത്ര വർഷം എന്നാണ് കണക്കാക്കിയിട്ടുള്ളത്; പ്രസ്തുത കാലാവധിക്ക് മുമ്പ് തകരാറിലാകുന്ന റോഡുകളുടെ പണിചെയ്ത കോൺട്രാക്ടർക്കും, ജോലികൾക്ക് സൂപ്പർവിഷൻ നടത്തിയ ഉദ്യോഗസ്ഥർക്കും എതിരെ നടപടികൾ സ്വീകരിക്കാൻ നിലവിൽ വ്യവസ്ഥയുണ്ടോ;